പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2526

06.12.2018-ലെ മറുപടിയ്ക്ക്

**കുളത്തൂർ ഗവ: ഹൈസ്കൂളിൽ ഫുട്ബോൾ പരിശീലനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ആൻസലൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ ഗവ: ഹൈസ്കൂളിൽ സ്പോർട്സ് വകുപ്പ് ആരംഭിക്കുന്ന ഫുട്ബോളിനായുള്ള കിക് ഓഫ് എന്ന പദ്ധതിയിൽ എത്ര കായിക താരങ്ങൾക്കാണ് പരിശീലനം നൽകുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ ഗവ: ഹൈസ്കൂളിലേയും പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെയും ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട 25 കായിക താരങ്ങൾക്കാണ് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത ഫുട്ബോൾ പരിശീലനത്തിന് കുട്ടികളെ സെലക്ട് ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; സെലക്ട് ചെയ്യുന്ന കുട്ടികൾക്ക് നൽകുന്ന പരിശീലനങ്ങൾ എന്തൊക്കെയാണ്; പരിശീലനത്തിന് ആരെയാണ് ചുമതലപ്പെടുത്തുന്നത്; വിശദമാക്കാമോ; | (ബി) | 2007 ജനുവരി 1-നും 2008 ഡിസംബർ 31-നും ഇടയിൽ ജനിച്ച 25 ആൺകുട്ടികളെയാണ് ഇതിലേക്ക് പരിഗണിക്കുന്നത്. Zig Zag, 2 Vs 2, Speed Test എന്നീ മൂന്ന് ടെസ്റ്റുകളടങ്ങിയ പ്രിലിമിനറി സെലക്ഷൻ ട്രയൽസിൽ മുന്നിലെത്തുന്ന 50 പേരെ ഫൈനൽ സെലക്ഷൻ തയ്യാറാക്കുന്നതിനുവേണ്ടി 4 ദിവസം ഓരോ മണിക്കൂർ വീതമുള്ള പ്രിപ്പറേറ്ററി ക്യാമ്പ് സംഘടിപ്പിക്കും ഈ പരിശീലനത്തിനുശേഷം ഫൈനൻ സെലക്ഷനിൽ ടി ടെസ്റ്റുകൾക്കു പുറമെ Kicking back, Shooting എന്നീ ടെസ്റ്റുകളും നടത്തി 25 പേരെ തെരഞ്ഞെടുത്ത് അന്തിമ പട്ടിക തയ്യാറാക്കും. പരിശീലനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>1) തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ആഴ്ചയിൽ 2 ദിവസം ഒന്നര മണിക്കൂർ വീതം ശാസ്ത്രീയ പരിശീലനം നൽകുന്നതാണ്.<br>2) സ്പോർട്സ് കിറ്റ്, ഭക്ഷണം എന്നിവ നൽകുന്നതാണ്.<br>3) ഓരോ സെന്ററിലും കോച്ച്, അസിസ്റ്റന്റ് കോച്ച് എന്നിവരുടെ സേവനമുണ്ടായിരിക്കും |

| | | | |
|---|---|---|---|
| | | | 4) ഇന്റർ-സെന്റർ മത്സരങ്ങൾ, പഠന യാത്രകൾ<br>5) വിദഗ്ധ-വിദേശ കോച്ചുകളുടെ സാങ്കേതിക സഹായം<br>6) വിദഗ്ധ ഏജൻസിയുടെ നേതൃത്വത്തിലുള്ള തെരഞ്ഞെടുപ്പും അച്ചടക്കത്തിലൂന്നിയുള്ള പരിശീലനം<br>7) പരിശീലന നിലവാരം ഉയർത്തുന്നതിന് പരിശീലകർക്ക് വിദഗ്ധ പരിശീലനം.<br>8) വിക്ടോറിയ യൂണിവേഴ്സിറ്റി പോലുള്ള അന്തർദേശീയ സർവ്വകലാശാലകളുടെ സഹകരണത്തോടെ മികച്ച കളിക്കാർക്ക് ഉന്നത പരിശീലനം<br>9) ത്രിതല പദ്ധതി നിരീക്ഷണ സംവിധാനങ്ങൾ<br>10) വിദേശ ക്ലബ്ബുകൾ, പ്രായോജകർ, ദേശീയ-അന്തർദേശീയ താരങ്ങൾ/ഏജൻസികൾ എന്നിവയുടമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള അവസരം<br>11) ഏഷ്യൻ ഫുട്ബോൾ കോൺഫഡറേഷന്റെ അംഗീകാരമുള്ള പരിശീലകർ<br>12) പരിശീലന ഘട്ടത്തിൽ സോഫ്റ്റ്വെയർ അധിഷ്ഠിതമായ വിവര ശേഖരണം.<br>സെപ്റ്റ് എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | പരിശീലനത്തിന് സ്കൂളിൽ എന്തൊക്കെ സജ്ജീകരണങ്ങൾ ആണ് ഒരുക്കുന്നത് എന്ന് വിശദീകരിക്കാമോ; | (സി) | ഫുട്ബോൾ പരിശീലനത്തിന് ആവശ്യമായ പ്ലേ ഗ്രൗണ്ട്, ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം, ഡ്രസ്സിംഗ് റൂം, കിച്ചൻ എന്നിവ സജ്ജമാക്കുക, പരിശീലന സംബന്ധമായ മിനിറ്റ്സ് ബുക്ക്, ഡോക്കുമെന്റ്സ്, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുക, മീറ്റിംഗിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്നിവ സ്കൂൾ അധികാരികളും പി.റ്റി.എയും സംയുക്തമായി ഉറപ്പാക്കേണ്ടതാണ്. |
| (ഡി) | പരിശീലനം നടക്കുന്ന സ്കൂളിൽ പി.ടി.എ. എന്തൊക്കെ സജീകരണങ്ങൾ ആണ് ഒരുക്കേണ്ടതു എന്ന് വ്യക്തമാക്കാമോ? | (ഡി) | |

സെക്ഷൻ ഓഫീസർ